**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **.3156** 07-11-2019 -ൽ മറുപടിക്ക്

**ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ബി.ഡി. ദേവസ്സി** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | 2018-ലെ മഹാപ്രളയത്തിലടക്കം തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ച തീയതി മുതൽ ആറ് മാസത്തിനകം കരാർ വയ്ക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെടാത്തതുമൂലം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അനുവദിച്ച പല പ്രവൃത്തികളും നടപ്പാക്കാൻ കഴിയാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ചില ജില്ലകളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഭരണാനുമതി ലഭിച്ച് ടെണ്ടർ നടപടികൾ പലവട്ടം സ്വീകരിച്ചിട്ടും കരാറുകൾ ഏറ്റെടുക്കാത്തതുമൂലം യഥാസമയം കരാർവയ്ക്കുന്നതിനോ നടപ്പാക്കുന്നതിനോ കഴിയാത്ത പ്രവൃത്തികൾ നടപ്പാക്കുന്നതിനായി കൂടുതൽ സമയം അനുവദിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ; | ബി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും പ്രകൃതിക്ഷോഭങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെ അടിയന്തര പുനരുദ്ധാരണം (immediate repair / restoration) മാത്രമാണ് അനുവദനീയം. അപ്രകാരം അനുവദിക്കുന്ന പ്രവൃത്തികളിൽ ഒഴിവാക്കാനാകാത്തതും അപ്രതീക്ഷിതവുമായ കാരണങ്ങളാൽ കരാർ വയ്ക്കാനാകാതെ ഭരണാനുമതി റദ്ദാകുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി പുതുക്കി നൽകുന്നതിന് ജില്ലാ കളക്ടർമാരിൽ നിന്നും അപേക്ഷ ലഭിക്കുന്ന സാഹചര്യങ്ങളിൽ പ്രസ്തുത പ്രവൃത്തികൾ പ്രത്യേകം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| സി) | ചാലക്കുടി, കൊടകര ബ്ലോക്കുകൾക്ക് കീഴിൽ ഇത്തരത്തിൽ കരാർ വയ്ക്കാൻ സാധിക്കാത്ത, ഭരണാനുമതി ലഭിച്ച, കാലവർഷത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് കൂടുതൽ സമയം അനുവദിയ്ക്കുന്നതിനോ ഭരണാനുമതി പുതുക്കി നൽകുന്നതിനോ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | സി) | ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും അപേക്ഷ ലഭിക്കുന്നപക്ഷം ജില്ലാ കളക്ടർ സർക്കാരിലേക്ക് ശിപാർശ / റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ